**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 817** **09-10-2024 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിൽ 2021-24 കാലഘട്ടത്തിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | വൈപ്പിൻ മണ്ഡലത്തിൽ 2021-24 കാലഘട്ടത്തിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച നഗറുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | . വലിയ പറമ്പ് എസ്.സി. നഗർ (ഇടപ്പള്ളി ബ്ലോക്ക്) (2021-22)<br><br>2. ഐ.എച്ച്.ഡി.പി. നഗർ (വൈപ്പിൻ ബ്ലോക്ക്) (2021-22)<br><br>3. ഈസ്റ്റ് മഞ്ഞനക്കാട് നഗർ (വൈപ്പിൻ ബ്ലോക്ക്) (2023-24) |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (ബി) | <u>വലിയ പറമ്പ് എസ്.സി. നഗർ (ഇടപ്പള്ളി ബ്ലോക്ക്) (2021-22)</u> – വലിയപറമ്പ് സുബ്രഹ്മണ്യ ടെമ്പിൾ റോഡ് പ്രവൃത്തികൾ 95% പൂർത്തീകരിക്കുകയും സുബ്രഹ്മണ്യ ടെമ്പിൾ ബൈലൈൻ റോഡ് പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നു. നോർത്ത് റോഡ് പ്രവൃത്തികൾ പൂർത്തീകരിക്കുകയും 8 എണ്ണം പുരോഗമിയ്ക്കുകയും ചെയ്യുന്നു. സോളാർ ലൈറ്റ് സ്ഥാപിക്കുന്ന പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.<br><br><u>ഐ.എച്ച്.ഡി.പി. നഗർ പള്ളിപ്പുറം (വൈപ്പിൻ ബ്ലോക്ക്) (2021-22)</u><br><br>അതിർത്തി സംരക്ഷണം, റീട്ടെയിനിംഗ് വാൾ പ്രവൃത്തികൾ പൂർത്തീകരിക്കുകയും 6 വീട് പുനരുദ്ധാരണ പ്രവൃത്തികളിൽ 4 എണ്ണം പൂർത്തിയാക്കിയിട്ടുമുണ്ട്. ശേഷിക്കുന്ന രണ്ട് വീടുകളുടെ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.<br><br><u>ഈസ്റ്റ് മഞ്ഞനക്കാട് നഗർ (വൈപ്പിൻ ബ്ലോക്ക്) (2023-24)</u><br><br>ഞാറയ്ക്കൽ പഞ്ചായത്തിലെ ഈസ്റ്റ് മഞ്ഞനക്കാട് നഗർ പദ്ധതിയിൽ ഉൾപ്പെട്ട റോഡ് നിർമ്മാണത്തിനായി ഇലക്ട്രിക് പോസ്റ്റുകൾ ഷിഫ്റ്റ് ചെയ്യുന്നതിനാവശ്യമായ ഫണ്ട് KSEBയ്ക്ക് ലഭ്യമാക്കുകയും ടി പ്രവൃത്തി KSEB |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ നിർവ്വഹണ ഏജൻസിയായ KEL മുഖാന്തിരം പുരോഗമിച്ച് വരുന്നു. |
| (സി) | നായരമ്പലം ഗ്രാമപഞ്ചായത്തിലെ തേങ്ങാത്തറ നഗറിലെ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (സി) | നായരമ്പലം ഗ്രാമ പഞ്ചായത്തിലെ തേങ്ങാത്തറ നഗറിലെ മോണിറ്ററിംഗ് കമ്മിറ്റി സെപ്റ്റംബർ 2ന് ചേരുകയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ